പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5609.

04.07.2013-ലെ മറുപടിയ്ക്ക്

## ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. ഹൈബി ഈഡൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈസ്റ്റേൺ കോറിഡോർ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | **(എ)യും (ബി)യും**<br>പശ്ചിമഘട്ടത്തിന്റെ താഴ്വരയായ വണ്ടൂർ കരുവാരക്കുണ്ട് മുതൽ തുഷാരഗിരി വരെയുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെ അടിസ്ഥാനമാക്കിയാണ് ഈസ്റ്റേൺ കോറിഡോർ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വണ്ടൂർ, നിലമ്പൂർ, ഏറനാട് മേഖലകളിലെ പ്രധാന ടൂറിസം സാധ്യതകൾ ഉള്ള സ്ഥലങ്ങളെ കണ്ടെത്തുകയും അവിടങ്ങളിൽ ടൂറിസ്റ്റുകൾക്കാവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങളും മറ്റ് ആക്ടിവിറ്റികളും ഒരുക്കുക എന്നതാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. മലപ്പുറത്തെ വണ്ടൂർ ടൗൺ സ്ക്വയറിന്റെ നിർമ്മാണം.<br>2. മലപ്പുറം ആഢ്യൻപാറ എക്കോ ഹബ്ബിന്റെ നിർമ്മാണം.<br>3. നിലമ്പൂരിലെ പഴയ ടി.എഫ്.ഒ. ബംഗ്ലാവിനെ നവീകരിച്ച് ഹിസ്റ്റോറിയൽ മ്യൂസിയ നിർമ്മാണം.<br>4. ഗേറ്റ്‌വേ ഓഫ് നിലമ്പൂർ.<br>5. നിലമ്പൂർ തേക്കിൻ മ്യൂസിയത്തിന്റെ |

വികസനം.

6. അരിപ്പാറ വെള്ളച്ചാട്ടത്തിന്റെ വികസനം.
7. കരുവാരക്കുണ്ട്, നട്മഗ്വാലി പദ്ധതി.
8. തുഷാരഗിരി പരിസ്ഥിതി ടൂറിസം പ്രോജക്ടിന്റെ വികസനം.

| | |
|---|---|
| (ഡി) പദ്ധതി പ്രവർത്തനത്തിന് ആരെയൊക്കെയാണ് സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സർക്കാർ അംഗീകൃത ഏജൻസികളെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെയും സഹകരണ സ്ഥാപനങ്ങളെയും സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ